# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1942 | 14.08.2017 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കുമായുള്ള ക്ഷേമനിധി** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.റ്റി.വി.രാജേഷ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കുമായുള്ള ക്ഷേമനിധി പ്രകാരം അവർക്ക് ഇപ്പോൾ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത്; | (എ) അങ്കണവാടി പ്രവർത്തകർക്ക് ക്ഷേമനിധിയിൽ നിന്നും നിലവിൽ പെൻഷനായ വർക്കർക്ക് 1000/- രൂപയും ഹെൽപ്പർക്ക് 600/- രൂപയും മാസ പെൻഷനായും ഗ്രാറ്റുവിറ്റിയായി വർക്കർക്ക് 15000/- രൂപയും ഹെൽപ്പർക്ക് 10000/- രൂപയും, സർവ്വീസിൽ നിന്ന് വിരമിക്കുകയും രാജിവയ്ക്കുന്നതുമായ അങ്കണവാടി പ്രവർത്തകർക്ക് അവർ അടച്ച തുകയും സർക്കാർ വിഹിതവും 11% ബാങ്ക് പലിശയും ഉൾപ്പെടുന്ന തുകയും മരണാനന്തരാനുകൂല്യമായി 10000/- രൂപയും, എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ വാങ്ങുന്ന അങ്കണവാടി ജീവനക്കാരുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പായി 1000/- രൂപയും, വൈദ്യസഹായമായി 5000/- രൂപയും ആനുകൂല്യങ്ങളായി അനുവദിക്കുന്നുണ്ട്. |
| (ബി) നിലവിലുള്ള ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കുന്നതിനും ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ബി) ക്ഷേമനിധിക്ക് പുതിയ ചട്ടവും, പദ്ധതിയും തയ്യാറാക്കി അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ